എം.പി. ഫണ്ടിന്റെ വിനിയോഗം

24 (1299) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു വേണ്ടിയും എം. പി. ഫണ്ട് ഇനത്തിലും ലഭിച്ച തുക ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ തീയതികളിൽ എന്തു തുക വീതമെന്നും ഏതിനത്തിൽ ലഭിച്ച തുകയെന്നും വ്യക്തമാക്കാമോ ;

(സി) ഇതിൽ എന്തു തുക വീതം അതാത് ആവശ്യത്തിന് വിനിയോഗിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഫണ്ട് ലഭിച്ചത് ഏതാവശ്യത്തിനാണോ അതിനു തന്നെ ആ തുക ചെലവാക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) എം.പി. ഫണ്ട് ഇനത്തിൽ ലഭിച്ച തുക ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്. മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചു വരുന്നു.

(ബി) എം. പി. ഫണ്ടിൽ 1996-97 മുതൽ 2000-2001 വരെയുള്ള നാലുവർഷങ്ങളിൽ ലഭിച്ച 181.38 കോടി രൂപയാണ് ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ളത്. ജില്ലാ കളക്ടർമാർക്ക് കേന്ദ്ര സർക്കാരിൽ നിന്നും നേരിട്ടു ലഭിക്കുന്ന തുക ആയതിനാൽ ഓരോ നിക്ഷേപത്തിന്റേയും തീയതിയും നിക്ഷേപിച്ച ഗഡുതുകയും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(സി) 2001 ഫെബ്രുവരി 28-ാം തീയതിവരെ100.94 കോടി രൂപ (56%) അതാത് ആവശ്യത്തിന് വിനിയോഗിച്ചിട്ടുണ്ട്.

(ഡി) അതാത് ആവശ്യത്തിന് തന്നെയാണ് തുക ചെലവാക്കിയിട്ടുള്ളത്.

മോട്ടോർ ഇൻഷ്വറൻസ് ക്ലെയിം

25 (1301) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മോട്ടോർ ഇൻഷ്വറൻസിന്റെ ക്ലെയിം തുക നൽകുന്നതിന് കോടതി ഉത്തരവുണ്ടായിട്ടും കാലതാമസം വരുത്തുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കാലതാമസം കാരണം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് കീഴിലുള്ള പല ജില്ലാ ആഫീസുകൾക്കും കോടതി നടപടികൾക്ക് വിധേയമാകേണ്ടി വരുന്നു എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇൻഷ്വറൻസ് ക്ലെയിം ഇനത്തിൽ എത്ര രൂപയോളം കൊടുത്ത് തീർക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മോട്ടോർ ഇൻഷ്വറൻസിന്റെ ക്ലെയിം തുക നൽകുന്നതിനുള്ള കോടതി ഉത്തരവിന്റെ പകർപ്പ് യഥാസമയം വകുപ്പിലേക്ക് ഗവൺമെന്റ് പ്ലീഡർ വാങ്ങി അയച്ചു തരാത്തതിനാലും ചില കേസുകളിൽ അപ്പീൽ പോകുന്നതിനാലും പ്രസ്തുത ക്ലെയിമുകൾ തീർപ്പാക്കുന്നതിന് കാലതാമസം നേരിടുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മേൽ സൂചിപ്പിച്ച ഇനത്തിൽ 44 ലക്ഷം രൂപ കൊടുത്തു തീർക്കുവാനുണ്ട്.

ഇൻഷ്വറൻസ് വകുപ്പിലെ ജീവനക്കാർക്ക് ഡെപ്യൂട്ടേഷനിൽ പോകുന്നതിന് വിലക്ക്

26 (1302) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലെ ജീവനക്കാർക്ക് ഡെപ്യൂട്ടേഷനിൽ പോകുന്നതിന് എന്തെങ്കിലും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) ഈ കാലയളവിൽ പ്രസ്തുത വകുപ്പിൽ എത്ര പേർക്ക് ഡെപ്യൂട്ടേഷനിൽ പോകാൻ അനുവാദം നൽകിയിട്ടുണ്ട് ;

(ഡി) പ്രസ്തുത വിലക്ക് നിലനിൽക്കുമ്പോൾ ഇപ്രകാരം ഡെപ്യൂട്ടേഷൻ നൽകാനുള്ള മാനദണ്ഡമെന്താണെന്ന് വിശദമാക്കാമോ ;

(ഇ) ഡെപ്യൂട്ടേഷൻ ആവശ്യമുള്ള മറ്റു ജീവനക്കാർക്കും ഡെപ്യൂട്ടേഷൻ നൽകാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 9.2.2000 – ലെ 1910/എസ്റ്റാ ഡി2/ധന. നമ്പർ കത്തു പ്രകാരം ഈ വകുപ്പിലെ ജീവനക്കാർ ഡെപ്യൂട്ടേഷനിൽ പോകുന്നതിനുള്ള അപേക്ഷ അയക്കണ്ട എന്ന വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പരിചയ സമ്പന്നരും ട്രെയിനിംഗ് നേടിയിട്ടുള്ളവരുമായ ജീവനക്കാരുടെ സേവനം വകുപ്പിൽ ആവശ്യമായതിലാണ് പ്രസ്തുത വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) ഈ വകുപ്പിലെ 8 ജീവനക്കാർക്ക് ഈ കാലയളവിൽ ഡെപ്യൂട്ടേഷനിൽ പോകാൻ അനുമതി നൽകിയിട്ടുണ്ട്.

(ഡി) വിലക്ക് നിലവിൽ വന്നതിനുശേഷം ആർക്കും തന്നെ പുതുതായി ഡെപ്യൂട്ടേഷൻ നൽകിയിട്ടില്ല.

(ഇ) തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly